**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3089** **11-03-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ കേച്ചേരി ജംഗ്ഷൻ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ-കുറ്റിപ്പുറം പാതയിലെ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതികൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് DPR തയ്യാറാക്കി 27.12.2019 തീയതിയിൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ടി റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബഹു.എം.എൽ.എ. എന്നിവർ ചേർന്ന യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകാനാണ് തീരുമാനം ഉണ്ടായത്. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചാണ്. അതിനാൽ പുതുക്കിയ DPR സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിലവിൽ, 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള DPR-ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 118.27 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു പുനഃസമർപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ, 28.09.2024-ൽ ബഹു. കുന്നംകുളം എം.എൽ.എയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബിയും ചേർന്ന് നടത്തിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ കേച്ചേരി-അക്കിക്കാവ് ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ പരിഹരിക്കുന്നതിന് കേച്ചേരി ജംഗ്ഷൻ വികസനം അനിവാര്യമാണെന്ന് ബഹു.എം.എൽ.എ അഭിപ്രായപ്പെട്ടതു പ്രകാരം കേച്ചേരി ജംഗ്ഷൻ വികസനത്തിന് മാത്രം ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതേതുടർന്ന്, 15 കോടി രൂപയുടെ എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സാമ്പത്തികാനുമതിക്കായി 19.12.2024-ൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | കോഴിക്കോട് ബൈപ്പാസ് പൂർത്തീകരണത്തോടെ കോഴിക്കോട് ഭാഗത്ത് നിന്ന് തൃശ്ശൂരിലേക്കും തിരിച്ചും പോകുന്ന വാഹനങ്ങൾ ഈ ജംഗ്ഷനിൽ എത്തിച്ചേരുമ്പോൾ ഗതാഗതക്കുരുക്ക് രൂക്ഷമാകുമെന്നതിനാൽ കേച്ചേരി ജംഗ്ഷൻ വികസിപ്പിക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ? | (ബി) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ മഴുവഞ്ചേരി മുതൽ ചൂണ്ടൽ വരെയുള്ള റോഡിന്റെ വീതികൂട്ടി 4 വരിപാത ആക്കുന്ന പ്രവൃത്തിയ്ക്ക് DPR തയ്യാറാക്കി 27.12.2019 തീയതിയിൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിരുന്നു. ടി റോഡിന്റെ പ്രവൃത്തികൾ വിലയിരുത്തുന്നതിനായി കിഫ്ബി ഉദ്യോഗസ്ഥർ, കെ.ആർ.എഫ്.ബി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബഹു.എം.എൽ.എ. എന്നിവർ ചേർന്ന യോഗത്തിൽ 22 മീറ്റർ വീതിയുമായി മുന്നോട്ട് പോകാനാണ് തീരുമാനം ഉണ്ടായത്. എന്നാൽ പ്രവൃത്തിയുടെ DPR തയ്യാറാക്കിയത് 23 മീറ്റർ വീതി പരിഗണിച്ചാണ്. അതിനാൽ പുതുക്കിയ DPR സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. നിലവിൽ, 22 മീറ്റർ വീതിയിൽ കല്ലിടൽ പ്രവൃത്തികളും, നിലവിലുള്ള DPR-ന്റെ ന്യൂനതകൾ പരിഹരിക്കുന്നതിനായി അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ, 118.27 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. കിഫ്ബിയിലേക്കു പുനഃസമർപ്പിച്ചിക്കുകയും ചെയ്തിട്ടുണ്ട്.<br><br>എന്നാൽ, 28.09.2024-ൽ ബഹു. കുന്നംകുളം എം.എൽ.എയും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കിഫ്ബിയും ചേർന്ന് നടത്തിയ കുന്നംകുളം നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികളുടെ അവലോകന യോഗത്തിൽ കേച്ചേരി-അക്കിക്കാവ് ബൈപ്പാസ് റോഡിന്റെ നിർമ്മാണം പൂർത്തീകരിക്കുമ്പോൾ ഉണ്ടാകുന്ന ഗതാഗത തടസ്സങ്ങൾ പരിഹരിക്കുന്നതിന് കേച്ചേരി ജംഗ്ഷൻ വികസനം അനിവാര്യമാണെന്ന് ബഹു.എം.എൽ.എ അഭിപ്രായപ്പെട്ടതു പ്രകാരം കേച്ചേരി ജംഗ്ഷൻ വികസനത്തിന് മാത്രം ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ഇതേതുടർന്ന്, 15 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സാമ്പത്തികാനുമതിക്കായി 19.12.2024-ൽ കിഫ്ബിയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ